(ഡി) പമ്പാവാലിയിൽ പി.എച്ച്. സെന്റർ അനുവദിക്കുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

151 (2337) ടാസ്ക് ഫോഴ്സ് റിപ്പോർട്ടിലെ ശുപാർശകൾ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്ന് വിപണനം ചെയ്യുന്ന ജീവൻ രക്ഷാ മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാനായി സംസ്ഥാന സർക്കാർ നിയോഗിച്ച ടാസ്ക് ഫോഴ്സ് സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ ശുപാർശകൾ നടപ്പാക്കുവാനായി എന്തെങ്കിലും നടപടികൾ ആരോഗ്യവകുപ്പ് കൈക്കൊണ്ടിട്ടുണ്ടോ;

(സി) ജീവൻ രക്ഷാ മരുന്നുകൾ, "സീലിംഗ് പ്രൈസിനും" അപ്പുറത്തായി സംസ്ഥാനത്ത് വിൽക്കപ്പെടുന്നില്ല എന്നുറപ്പുവരുത്തുവാൻ എന്തൊക്കെ സംവിധാനങ്ങളാണ് ആരോഗ്യവകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ)&(ബി)ഔഷധങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി സർക്കാർ ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിച്ചിട്ടില്ല.

(സി) ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർമാർ സീലിംഗ് പ്രൈസിനേക്കാൾ പ്രഥമദൃഷ്ട്യാ വിലകൂടുതലായി കണ്ടെത്തിയ 38 കേസ്സുകളിൽ നോട്ടീസ് നൽകിയിട്ടുണ്ട്. നിയമലംഘനം കാണുന്നപക്ഷം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

152 (2338) മരുന്നുകളുടെ വില നിലവാരം

ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മരുന്നുകൾ സീലിംഗ് പ്രൈസിനപ്പുറത്ത് സംസ്ഥാനത്ത് വിൽക്കപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നുണ്ടോ;

(ബി) സംസ്ഥാനത്ത് വിപണനം ചെയ്യുന്ന മരുന്നുകളുടെ ഗുണനിലവാരം നിയന്ത്രിക്കുവാനും പരിശോധിക്കുവാനും ഇന്നുള്ള സംവിധാനം പര്യാപ്തമാണോ;

(സി) അല്ലെങ്കിൽ എന്തെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) പ്രഥമദൃഷ്ട്യാ സീലിംഗ് പ്രൈസിന് മുകളിൽ വില നിശ്ചയിച്ചിട്ടുള്ളതായി കണ്ടെത്തിയ 38 കേസ്സുകളിൽ നിർമ്മാതാക്കൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. കൂടുതൽ വില ഈടാക്കുന്ന കേസ്സുകളിൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly